II ശ്രദ്ധക്ഷണിക്കൽ

(1) കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ കുടിശ്ശിക തീർത്ത് വിതരണം ചെയ്യേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ കേരളത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പാവപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലും പിന്നോക്ക സമുദായത്തിലും മറ്റ് സമുദായത്തിലെ പിന്നോക്കം കിടക്കുന്നവർ ഉൾപ്പെടുന്ന പത്തൊൻപത് ലക്ഷത്തോളം വരുന്ന പാവപ്പെട്ട കർഷകത്തൊഴിലാളികളുടെ ക്ഷേമനിധിയുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. ക്ഷേമനിധി ബോർഡിന്റെ കയ്യിൽ 5 കോടി രൂപയാണ് ഇപ്പോൾ ഉള്ളത്. അവർ കൊടുത്തുതീർക്കാനുള്ള കുടിശ്ശിക നാൽപ്പത്തിയേഴു കോടി ഇരുപത്തിയഞ്ചു ലക്ഷം ഉറുപ്പികയാണ്. ക്ഷേമനിധി അംഗങ്ങളായി അറുപത് വയസ്സ് കഴിഞ്ഞ് പിരിയുന്ന എഴുപത്തിയൊൻപതിനായിരത്തി നാന്നൂറ്റി അൻപത്തിയൊൻപത് പേർക്കാണ് അതിവർഷാനുകൂല്യം, സൂപ്പർആനുവേഷൻ കൊടുക്കുന്നതിന് മുപ്പത്തിയൊൻപത് കോടി എഴുപത്തിരണ്ട് ലക്ഷം ഉറുപ്പിക വേണ്ടിവരും. ഈ ആനുകൂല്യം ലഭിച്ചുകഴിഞ്ഞില്ല, അയ്യായിരം രൂപവരെ ആനുകൂല്യം ലഭിക്കേണ്ടുന്ന ഈ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് എത്രയോ കാലമായിട്ട് ആനുകൂല്യം ലഭിക്കാതെ ചിലരെല്ലാം മരണപ്പെട്ട് കഴിഞ്ഞിരിക്കുന്നു. ക്ഷേമനിധിയുടെ ഭാഗമായി മക്കളുടെ വിവാഹത്തിന് സഹായം അപേക്ഷിച്ചുകൊണ്ട് മുപ്പത്തിയയ്യായിരത്തി നാന്നൂറ്റി പതിനൊന്ന് പേർ അപേക്ഷ നൽകിയിട്ടുണ്ട്. ഏഴു കോടി എട്ടു ലക്ഷം രൂപ ഈ ഇനത്തിൽ കൊടുത്തു തീർക്കാൻ ബാക്കിയുണ്ട്. വിവാഹം കഴിഞ്ഞ് പ്രസവം നടന്നാലും ആനുകൂല്യം ലഭിക്കുന്നില്ല എന്നുള്ളതാണ് സ്ഥിതി. പ്രസവാനുകൂല്യം നേടിയെടുക്കുന്നതിനു വേണ്ടി ആയിരത്തി നാന്നൂറ്റി എഴുപത്തിയേഴ് പേർ അപേക്ഷ കൊടുത്തിരിക്കുകയാണ്. പതിനാല് ലക്ഷത്തി എഴുപത്തിയൊന്നായിരം ഉറുപ്പിക ഈ രീതിയിൽ കൊടുത്തു തീർക്കാൻ ബാക്കിയാണ്. ചികിൽസാ സഹായം ലഭിക്കുന്നതിനുവേണ്ടി അപേക്ഷിച്ചവരുടെ എണ്ണം. ആയിരത്തി എഴുന്നൂറ്റി മുപ്പത്തിനാല് ആണ്. പതിനേഴ് ലക്ഷം ഉറുപ്പിക അതിലും കുടിശ്ശികയാണ്. ഭൂഉടമകളുടെ വിഹിതം പിരിച്ചെടുക്കുന്നതിനു വേണ്ടിയുള്ള തീരുമാനം ഉണ്ടെങ്കിലും അത് പിരിച്ചെടുക്കുന്നതിന് ഇപ്പോഴും സാധിക്കുന്നില്ല. കോടതികളുടെ ഇടപെടൽ കൊണ്ടാണ് മുൻപ് പിരിച്ചെടുക്കാൻ സാധിക്കാതിരുന്നതെങ്കിൽ ഇപ്പോൾ കോടതിയുടെ ഇടപെടലെല്ലാം അവസാനിച്ചിരിക്കുകയാണ്. വില്ലേജ് ഓഫീസർമാർ മുഖേന ഈ തുക പിരിച്ചെടുക്കുന്നതിന് സാധിച്ചാൽ വലിയ പ്രയാസമില്ലാതെ കാര്യങ്ങൾ ബോർഡിന് മുന്നോട്ടുകൊണ്ടു പോകാമായിരുന്നു. പക്ഷേ വില്ലേജാഫീസർമാർ ഈ തുക പിരിച്ചെടുക്കുന്ന കാര്യം ഗൗരവമായി ശ്രദ്ധിക്കുന്നില്ല. നാമമാത്രമായ സംഖ്യമാത്രമാണ് ഇപ്പോൾ പിരിച്ചെടുക്കുന്നത്. തൊഴിലാളികളുടെ അംശദായം രണ്ടു ഉറുപ്പികയായിരുന്നത് അഞ്ചു ഉറുപ്പികയായി വർദ്ധിപ്പിക്കാൻ പോകുകയാണ്. അതിനോട് കർഷക തൊഴിലാളികൾക്കൊക്കെ യോജിപ്പാണ്. രണ്ടു രൂപയ്ക്ക് പകരം അഞ്ചു രൂപയായി കർഷക തൊഴിലാളികളിൽ നിന്ന് പിരിക്കുമ്പോൾ ആ പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി

[9.30A.M.]

LIBRARY ARCHIVES Kerala Legislative Assembly

അവർ ഇപ്പോൾ കൊടുക്കുന്ന രണ്ടു രൂപയക്ക് കിട്ടുന്ന ആനുകൂല്യം കൊടുത്താൽ പോരാ. അപ്പോൾ ആനുകൂല്യങ്ങൾ ഇരട്ടിയായിട്ട് വർദ്ധിപ്പിക്കാനുള്ള തീരുമാനവും എടുക്കാൻ സാധിക്കണം. അതുപോലെ ഭൂമിയുള്ളവരിൽ നിന്ന് ഇപ്പോൾ ഒരു ഹെക്ടറിനു മുകളിൽ ഭൂമിയുള്ളവരിൽ നിന്ന് ഉടമാവിഹിതം പിരിക്കാനാണ് തീരുമാനം. കർഷകത്തൊഴിലാളി യൂണിയനുകളും ആവശ്യപ്പെട്ടിരിക്കുന്നത് ഒരു ഏക്കറിന് പത്തു ഉറുപ്പിക പ്രകാരം ഭൂ ഉടമകളിൽ നിന്ന് പിരിച്ചെടുക്കുന്നതിനു വേണ്ടി സാധിക്കണം എന്നാണ്. അത് വലിയ പ്രയാസമില്ലാതെ പിരിച്ചെടുക്കാൻ സാധിക്കുന്നതാണ്. അല്ലാതെ ഏകപക്ഷീയമായി തൊഴിലാളികളുടെ കയ്യിൽനിന്ന് വാങ്ങുന്ന രണ്ടു ഉറുപ്പിക അഞ്ചു ഉറുപ്പിക ആക്കുന്നു എന്നുമാത്രം വരുമ്പോൾ ഈ ബാദ്ധ്യത മുഴുവൻ തൊഴിലാളികളെ മാത്രം ഏൽപ്പിക്കുന്ന അവസ്ഥയാകും. ക്ഷേമനിധി ഓഫീസിന്റെ പ്രവർത്തനം പത്തൊൻപത് ലക്ഷം വരുന്ന തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിന് സാധിക്കുന്നതല്ല. ക്ഷേമനിധി ഓഫീസുകളിൽ സ്ഥിരം നിയമനം നടക്കുന്നില്ല. എല്ലാം ഡെപ്യൂട്ടേഷനാണ്. അതിന്റെ ചീഫ് എക്സിക്യൂട്ടീവിനെപോലും നിയമിക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ഓഫീസിൽ ആവശ്യമുള്ളവരെ പി.എസ്.സി. മുഖേന നിശ്ചയിക്കാൻവേണ്ടി സാധിക്കണം. നാൽപ്പത്തിയേഴു കോടി ഇരുപത്തിയഞ്ചു ലക്ഷം രൂപ കൊടുത്തു തീർക്കാനുള്ള ബാദ്ധ്യത ഈ ബോർഡിന്റെ കയ്യിലുള്ള 5 കോടി രൂപ മാത്രം ഉപയോഗിച്ചു കൊടുത്തു തീർക്കാൻ സാധിക്കുന്നതല്ല. ഈ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ചില പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്ന ഈ ബോർഡിന് ഗവൺമെന്റ് അടിയന്തിരമായ സഹായം കൊടുക്കുന്നതിന് തീരുമാനമുണ്ടാകണം. ഓരോ വർഷവും ചുരുങ്ങിയത് പത്തുകോടി ഉറുപ്പിക എങ്കിലും ക്ഷേമനിധി ബോർഡിന് കൊടുത്താൽ മാത്രമേ അതിന്റെ ബാദ്ധ്യതകൾ കൊടുത്തുതീർക്കാൻ സാധിക്കൂ പാവപ്പെട്ട കർഷക തൊഴിലാളികൾക്ക് ക്ഷേമനിധിയുടെ ആനുകൂല്യമൊന്നും ലഭിക്കുന്നില്ല. അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന കർഷകത്തൊഴിലാളി പെൻഷൻ തന്നെ കഴിഞ്ഞ പത്തിരുപത് മാസമായിട്ട് കൊടുക്കുന്നില്ല. പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് ആവശ്യമായ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും അവരുടെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും വേണ്ട നിലപാട് സ്വീകരിക്കണം. ഗവൺമെന്റ് അതിന് ആവശ്യമായ 10 കോടി ഉറുപ്പികയെങ്കിലും വർഷന്തോറും കൊടുക്കുന്ന നിലപാട് സ്വീകരിക്കണം എന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് പ്രസക്തമായ കാര്യങ്ങൾ തന്നെയാണ്. കർഷകത്തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾക്ക് മതിയായ സാമ്പത്തിക സ്ഥിരതയില്ല എന്നത് ആ ബോർഡിന്റെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. പക്ഷെ രണ്ടുമൂന്നു കാരണങ്ങൾ അതിനുണ്ട്. ഒന്ന് പതിനെട്ടുലക്ഷത്തി പതിനേഴായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയാറ് കർഷകത്തൊഴിലാളികൾ ഇതിനകം രജിസ്റ്റർ ചെയ്തു. പക്ഷെ കൃത്യമായി ഇതിന്റെ വിഹിതം ബോർഡിൽ അടയ്ക്കുന്ന തൊഴിലാളികൾ ഇത്രയും ഇല്ല എന്നതാണ്. അവരുടെ വിഹിതവും

LIBRARY ARCHIVES Kerala Legislative Assembly

കിട്ടുന്നില്ല. പിന്നെ അതുമാത്രമല്ല, അതിവർഷാനുകൂല്യം എന്ന നിലയിൽ അംഗമായി ഒരു വർഷം കഴിഞ്ഞാലും അയ്യായിരം രൂപ വീതം ആ തൊഴിലാളികൾക്ക് കൊടുക്കണം. ആ ആനുകൂല്യമാണ് ഏറ്റവും കൂടുതൽ കൊടുക്കാനുള്ളത്. സർ അൻപത്, അൻപത്തിയഞ്ച് വയസ്സുള്ള ഒരുപാടുപേർ ഒരുമിച്ച് ഈ അംഗങ്ങളായി വന്ന് കഴിഞ്ഞ് അവർ പിരിയുമ്പോൾ അയ്യായിരം രൂപ വച്ച് കൊടുക്കണം. നാൽപ്പത്തിയഞ്ചു കോടി രൂപ വിതരണം ചെയ്യാനുള്ളതിൽ നാൽപ്പത് കോടി രൂപയും ഈ ഒരു ആനുകൂല്യത്തിന് മാത്രമാണ്. അതുകൊണ്ട് ബോർഡ് ഇപ്പോൾ എടുത്തിരിക്കുന്നത് ഈ ഇനം ആനുകൂല്യങ്ങൾ ഒഴിച്ചുള്ള മറ്റ് ആനുകൂല്യങ്ങൾ എല്ലാം കൊടുത്തുതീർക്കുക, ഇപ്പോൾ കുടിശ്ശിക മിക്കവാറും ബാക്കിയുള്ള ഈ പറഞ്ഞ ചികിൽസാ സഹായം അടക്കം വിധവകളുടെ ധനസഹായവും മിക്കവാറും കൊടുത്തുതീർക്കാൻ കഴിഞ്ഞു, അത് കൊടുത്തുതീർക്കാൻ ബാക്കി അഞ്ചു കോടി രൂപ ഉള്ളതുകൊണ്ട് അത് പൂർത്തിയാക്കാൻ കഴിയും. പെൻഷന്റെ കാര്യമാണ് മറ്റൊന്ന്. പെൻഷന്റെ കാര്യത്തിൽ സർക്കാരാണ് പെൻഷൻ കൊടുക്കുന്നത്., ബോർഡല്ല. 120 രൂപ നിരക്കിലാണ് പെൻഷൻ കൊടുക്കുന്നത്. പെൻഷൻകാർ തന്നെ അഞ്ചു ലക്ഷത്തി പത്തൊൻപതിനായിരം പേർ ഉണ്ട്. കർഷക തൊഴിലാളികളായി രജിസ്റ്റർ ചെയ്തവർ കൂടാതെ അഞ്ചു ലക്ഷത്തി പത്തൊൻപതിനായിരം പെൻഷൻകാർ മാത്രമുണ്ട്. അവർക്ക് ഓരോ വർഷവും പെൻഷൻ കൊടുക്കുന്നതിന് ഇതുപോലെ പത്തു കോടി രൂപയോളം ആവശ്യമായി വരും. ബഡ്ജറ്റിൽ മൂന്നോ നാലോ കോടിരൂപ വീതമാണ് ലഭിക്കുന്നത്. കഴിഞ്ഞ വർഷങ്ങളിൽ പ്രത്യേക ഫണ്ട് അനുവദിച്ചു. പെൻഷൻ കുടിശ്ശിക കുറച്ച് കൊടുത്തുതീർക്കാൻ ശ്രമിച്ചു. ഇപ്പോൾ 16 മാസത്തെ കുടിശ്ശികയുണ്ട്. മറ്റ് പെൻഷനുകളോടൊപ്പം കർഷകത്തൊഴിലാളികളുടെ 16 മാസത്തെ പെൻഷൻ ബാക്കിയുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ 150 കോടി രൂപ പെൻഷന്റെ കുടിശ്ശികയും ക്ഷേമ ആനുകൂല്യങ്ങളും കൊടുത്തുതീർക്കുന്നതിന് പ്രത്യേകമായി വക കൊള്ളിച്ചിട്ടുണ്ട്. ബഡ്ജറ്റ് പാസ്സായ സ്ഥിതിക്ക് അത് കിട്ടുന്ന മുറയ്ക്ക് പെൻഷൻ കൊടുത്തുതീർക്കാൻ സാധിക്കും. പക്ഷെ അതിവർഷാനുകൂല്യത്തിന്റെ കാര്യത്തിൽ ഒരു പുനരാലോചന ആവശ്യമാണ്. അതാണ് ബോർഡിന്റേയും വ്യക്തമായ അഭിപ്രായം. ബോർഡിനും അത് താങ്ങാൻ കഴിയുന്നില്ല. പിന്നെ പണം പിരിച്ചെടുക്കുന്ന കാര്യത്തിൽ കാര്യമായ ഒരു മാറ്റം ഒരു വർഷത്തിനിടയിൽ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ ഇത് പിരിച്ചെടുക്കുന്നതിന് അശ്രദ്ധയുണ്ടായിരുന്നു. ഇപ്പോൾ ബന്ധപ്പെട്ട കളക്ടർമാരുമായിട്ട് ചർച്ച ചെയ്ത് വളരെക്കൂടുതൽ പുരോഗതി കളക്ഷനിൽ വന്നിട്ടുണ്ട്. ഇപ്പോൾ ലാന്റ് ടാക്സ് അടയ്ക്കാൻ വേണ്ടി വില്ലേജാഫീസുകളിൽ ചെല്ലുന്ന എല്ലാപേരിൽ നിന്നും ഇതിന്റെ കുടിശ്ശിക തീർത്തിട്ടേ, മറ്റ് സർട്ടിഫിക്കറ്റുകൾ കൊടുക്കുന്നുള്ളൂ. അതിനുള്ള ക്രമീകരണങ്ങൾ നടന്നിട്ടുണ്ട്. പക്ഷെ കർഷകരുടെ ഭാഗത്തുനിന്ന് ശക്തമായ ചെറുത്തു നിൽപ്പ് ഈ കാര്യങ്ങളിൽ ഉണ്ടായിട്ടുണ്ട്. ഇത് കൊടുക്കണ്ട എന്നുള്ള നിലപാട് പല സംഘടനകളും എടുത്തിട്ടുണ്ട്. എങ്കിലും കുറേക്കൂടി മെച്ചപ്പെടുത്താൻ ശ്രമിക്കുകയാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള 150 കോടി രൂപയുടെ അർഹമായ വിഹിതം ഈ ബോർഡിന് നൽകി ഈ കുടിശ്ശികകൾ കൊടുത്തുതീർക്കാൻ ശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രി. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ എം.എൽ.എ. മാരുടേയും മന്ത്രിമാരുടേയും ഒക്കെ ആനുകൂല്യം വർദ്ധിപ്പിച്ച---

മി.സ്പീക്കർ : No....No...Nothing will do.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, ഒരു പരാമർശം ഉണ്ട്.

മി.സ്പീക്കർ : പരാമർശം പാടില്ല, എല്ലാപേരും സമ്മതിച്ചതല്ലേ, യുനാനിമസ് ആയിട്ട് പാസ്സാക്കിയതല്ലേ, ഇനി പരാമർശം എന്തിന്. No....No...Nothing will do. You can ask some other question.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, നമ്മുടെ ഗവൺമെന്റ് ഈ പാവപ്പെട്ട ആളുകൾക്ക് കൊടുക്കുന്ന അധിവർഷാനുകൂല്യം കൊടുക്കുന്നതിനെപ്പറ്റിയുള്ള ഒരു സൂചനയാണ് ഗവൺമെന്റിന്റെ ഭാഗമായിട്ട് മന്ത്രി മറുപടി പറയുമ്പോൾ തോന്നിയിട്ടുള്ളത്. അത് നിറുത്താൻ പാടില്ല, നിറുത്തിപ്പോയാൽ ഉണ്ടാകുന്ന അപകടത്തെപ്പറ്റി ഞാൻ പറഞ്ഞുതരാം. അത് നിറുത്താൻ പാടില്ല. അത് കൊടുത്ത് തീർക്കുന്നതിന് ഗവൺമെന്റ് സാമ്പത്തിക സഹായം കൊടുത്തുകൊണ്ട് ബോർഡിനെ നിലനിർത്തുകയും ബോർഡിന് ഈ ആനുകൂല്യം കൊടുക്കാൻ സാധിക്കുകയും വേണം. അതിന് വേണ്ട നിലപാട് സ്വീകരിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : സർ, ബോർഡിനെ സംബന്ധിച്ച് നാൽപ്പത് കോടി രൂപയുടെ ബാദ്ധ്യത നിലനിൽക്കുന്നതു കൊണ്ട് ബോർഡ് ഈ കാര്യത്തിൽ എന്ത് വേണമെന്ന് എന്റെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്തതിന്റെ വെളിച്ചത്തിലാണ് ഞാൻ ഇത് പറഞ്ഞത്, ആ ആനുകൂല്യം കൊടുക്കുന്നതിന് ബോർഡിന് ഒരു തരത്തിലും താങ്ങാൻ കഴിയുന്നില്ല. എന്നുള്ളത് ശ്രദ്ധയിൽപ്പെടുത്തിയെന്നേയുള്ളൂ. അത് എങ്ങനെ പരിഹരിക്കണമെന്നുള്ളത് ഗവൺമെന്റും ബോർഡുമായിട്ട് ആലോചിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിക്കേണ്ടതാണ്. നൽകിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ പൂർണ്ണമായി കൊടുക്കാൻ കഴിയാത്ത് ബോർഡും അതിന്റെ സംവിധാനങ്ങളും കൂടുതൽ ആനുകൂല്യങ്ങളെക്കുറിച്ച് ഇപ്പോൾ ചിന്തിക്കുന്നത് അസ്ഥാനത്താണ്, എന്നുമാത്രം ഞാൻ പറയുന്നു.

(2) സംസ്ഥാനത്ത് ജില്ല-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ ദളിത് ക്രൈസ്തവർക്ക് ജനസംഖ്യാനുപാതികമായ വിഹിതം ലഭിക്കാൻ നടപടി

ശ്രീ. ജോണി നെല്ലൂർ : സർ, നമ്മുടെ സംസ്ഥാനത്തെ ജനസംഖ്യയിൽ 8 ശതമാനത്തിലധികം വരുന്ന ദളിത് ക്രൈസ്തവർ നേരിടുന്ന അതീവ ഗുരുതരമായ പ്രശ്നങ്ങളിലേയ്ക്കും അവഗണനയിലേയ്ക്കും ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങൾ ആയിരുന്ന പുലയ, പറയ, കുറവ വിഭാഗത്തിൽപ്പെട്ട ആളുകൾ ക്രൈസ്തവ വിഭാഗത്തിലേയ്ക്ക് മതം മാറുകയുണ്ടായി. 25 ലക്ഷത്തിൽ അധികം വരുന്ന ആളുകൾ ഇങ്ങനെ മതം മാറുകയാണുണ്ടായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly